ഭരണഭാഷ മാതൃഭാഷ

**പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
**ഹയർ സെക്കന്ററി വിഭാഗം.**
**ഉള്ളൂർ ലെയിൻ ,ജഗതി തിരുവനന്തപുരം**
**ഇ-മെയിൽ- jdacad@gmail.com**
**ഫോൺ: 0471-2580738**

NO:HSE/18675/2024-ACD SPL4

**തീയതി:13-12-2024**

## സർക്കുലർ

വിഷയം : പൊ.വി.വ.ഹ.സെ.വി- സർക്കാറിന്റെ നാലാം നൂറുദിന കർമ്മ പരിപാടി - ‘**Key to Entrance**’ പൊതുപ്രവേശന പരീക്ഷകളിൽ പങ്കെടുക്കുന്ന ഹയർസെക്കണ്ടറി വിഭാഗം സ്കൂൾ കുട്ടികൾക്ക് പ്രത്യേക പരിശീലനം-എല്ലാ എൻ.എസ്.എസ് യൂണിറ്റ് അംഗങ്ങൾക്കും പരിശീലനം-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : കൈറ്റ് ചീഫ് എക്സസിക്യൂട്ടീവ് ഓഫീസറുടെ **26/09/2024** ലെ കൈറ്റ് / **2024./1035-2 (188)**നമ്പർ കത്ത്.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന താത്പര്യമുള്ള എല്ലാ വിഭാഗം ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കും (സാമ്പത്തിക പിന്നോക്കം, നഗര-ഗ്രാമ വ്യത്യാസം തുടങ്ങിയവയില്ലാതെ) പൊതുപ്രവേശന പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പ്രത്യേക പരിശീലനം നൽകാൻ തീരുമാനിക്കുകയും സർക്കാറിന്റെ നാലാം നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിലെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ (കൈറ്റ്), കൈറ്റ് വിക്ടേഴ്സ് ചാനലിന്റേയും മറ്റ് സാങ്കേതിക സൗകര്യങ്ങളുടേയും സഹായത്തോടെ ‘**Key to Entrance**’ പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഹയർസെക്കന്ററി തലത്തിൽ താല്പര്യമുള്ള എല്ലാ കുട്ടികൾക്കും സൗജന്യമായി ഈ പരിശീലനം നൽകുന്നുണ്ട്. ഹയർസെക്കണ്ടറി കരിയർ ഗൈഡൻസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും സ്കൂളുകൾ കരിയർ ഗൈഡുമാർക്കുള്ള

പരിശീലനവും നൽകിയിട്ടുണ്ട്. ഹയർസെക്കണ്ടറി തലത്തിലുള്ള എല്ലാ എൻ.എസ്.എസ് യൂണിറ്റ് അംഗങ്ങൾക്കും പ്രസ്തുത പരിശീലനം നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1.കൈറ്റ് വിക്ടേഴ്സ് വിദ്യാഭ്യാസ ചാനലിലൂടെ മുൻകൂട്ടി പ്രസിദ്ധീകരിക്കുന്ന ഷെഡ്യൂൾ അനുസരിച്ച് മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, ഹിസ്റ്ററി, ജ്യോഗ്രഫി, എക്കണോമിക്സ്, അക്കൗണ്ടൻസി, ബിസിനസ് സ്റ്റഡീസ്, പൊളിറ്റിക്കൽ സയൻസ്, സോഷ്യോളജി, സ്റ്റാറ്റിസ്റ്റിക്സ് എന്നീ വിഷയങ്ങളുടെ ക്ലാസുകൾ സംപ്രേഷണം ചെയ്യുകയും **entrance.kite.kerala.gov.in** എന്ന വെബ് പോർട്ടൽ മുഖേന രജിസ്റ്റർ ചെയുന്ന വിദ്യാർത്ഥികൾക്ക് ഓൺലൈൻ പരിശീലനത്തിനും മോഡൽ പരീക്ഷകളിൽ പങ്കെടുത്ത് പ്രാക്ടീസ് ചെയ്യുന്നതിനും അവസരം ഒരുക്കുകയും ചെയതിട്ടുണ്ട്. സംസ്ഥാനത്ത് ഹയർ സെക്കണ്ടറി തലത്തിൽ പ്രവർത്തിക്കുന്ന എല്ലാ എൻ.എസ്.എസ് യൂണിറ്റ് അംഗങ്ങൾക്കും അതത് സ്കൂളിലെ എൻ.എസ്.എസ് യൂണിറ്റുകൾ മുഖേന താല്പര്യമുള്ള മറ്റ് കുട്ടികൾക്കും പരിശീലനം ക്രമീകരിക്കേണ്ടതാണ്.

2.എൻ.എസ്.എസ് യൂണിറ്റ് അംഗങ്ങൾക്കുള്ള പരിശീലനം പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

3.ഇതിനായി പരിശീലനം ലഭിച്ച **HITC, Career Guide** തുടങ്ങിയവരുടെ സേവനം **RP** മാരായി പ്രയോജനപ്പെടുത്തേണ്ടതാണ്.

4.എൻ.എസ്.എസ് യൂണിറ്റ് അംഗങ്ങൾക്കുള്ള പരിശീലനം പൂർത്തിയാകുന്നതനുസരിച്ച് യൂണിറ്റിന്റെ നേതൃത്വത്തിൽ സ്കൂളിലേയോ സമീപ സ്കൂളുകളിലേയോ താല്പര്യമുള്ള കുട്ടികൾക്ക് പരിശീലനം ക്രമീകരിക്കേണ്ടതാണ്.

5.ഏതെങ്കിലും കുട്ടിക്കോ/കുട്ടികൾക്കോ ക്ലാസുകൾ കാണുന്നതിന് സ്കൂളിലെ സാങ്കേതിക സൗകര്യങ്ങൾ ആവശ്യമെങ്കിൽ ലഭ്യമാക്കുന്നതിന് സ്കൂൾ അധികൃതർ ക്രമീകരണം ഒരുക്കേണ്ടതാണ്.

**6.**പൊതുപ്രവേശന പരീക്ഷകളെ അടിസ്ഥാനമാക്കിയുള്ള വിഷയാധിഷ്ഠിത ക്ലാസുകളും മുൻവർഷങ്ങളിലെ പരീക്ഷാ ചോദ്യങ്ങളുടെ വിശകലനവും അധികപഠനത്തിനുള്ള ലിങ്കുകളും പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള മോഡൽ പരീക്ഷകളും ഇതോടൊപ്പം നടത്തുന്നതാണ്. കുട്ടികൾ പഠന പ്രവർത്തനങ്ങളിലും ഓൺലൈൻ മോഡൽ പരീക്ഷകളിലും പങ്കെടുക്കേണ്ടതാണ്. ഓരോ ടെസ്റ്റിലും നേടുന്ന സ്കോർ വെബ്സൈറ്റിൽ പരിശോധിക്കേണ്ടതാണ്.

**7.**പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യൽ, കൈറ്റ് വിക്ടേഴ്സ് സംപ്രേഷണം ചെയ്യുന്ന ക്ലാസുകൾക്ക് ഉപരിയായുള്ള റിസോഴ്സുകൾ കണ്ടെത്തി ഉപയോഗിക്കൽ,മാതൃകാ പരീക്ഷകളിൽ പങ്കെടുക്കൽ, സ്കോർ പരിശോധിക്കൽ തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് അനുബന്ധമായി ചേർത്തിരിക്കുന്ന യൂസർ ഗൈഡിലെ വിവരങ്ങൾ ഉപയോഗിക്കേണ്ടതാണ്.

**8.**സ്കൂളുകളിൽ എൻ.എസ്.എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ യൂണിറ്റംഗങ്ങൾക്കും അല്ലാത്തവർക്കും നടത്തിയ പരിശീലനത്തിന്റെ വിശദാംശങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്.ഇതിന്റെ വിശദാംശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കേണ്ടതാണ്.

Signed by
Shajitha S
Date: 13-12-2024 12:55:51
**ജോയിന്റ് ഡയറക്ടർ (അക്കാദമിക്)**

<u>പകർപ്പ് :</u>

**1.**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്
**2.**എല്ലാ ആർ.ഡി.ഡി (എച്ച്.എസ്.ഇ), എ.ഡി (വി.എച്ച്.എസ്.ഇ) മാർക്കും
**3.**സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, കരിയർ ഗൈഡൻസ് സെൽ, ഹയർസെക്കണ്ടറി വിഭാഗം

**4.**എല്ലാ ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ

പ്രിൻസിപ്പൽമാർക്കും.

5.എല്ലാ എൻ.എസ്.എസ്.റീജിയണൽ/ജില്ലാ കോർഡിനേറ്റർമാർക്കും

6.കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും